# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4663 — 29.6.2012-ൽ മറുപടിയ്ക്ക്

**ജാതികർഷകർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ : | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | ജാതി കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ജാതി , ഗ്രാമ്പൂ , കൃഷികളുടെ പ്രോൽസാഹനത്തിനായി 2012-13 വർഷത്തിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം ജാതിയുടെ പുതിയ കൃഷി ത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും പഴയ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധരാണത്തിനും നഴ്സറികൾ സ്ഥാപിക്കുന്നതിനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന ധനസഹായം നൽകിവരുന്നു. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) | 2005-06 മുതൽ നാളിതുവരെ 1703.21 ഹെക്ടർ സ്ഥലത്ത് ജാതിയുടെ വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് 189.8258 ലക്ഷം രൂപ ചെല വഴിച്ചു.214.503 ഹെക്ടർ പഴയ ജാതി കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി 26.26 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ പൊതു മേഖലയിൽ 3.8575 ലക്ഷം രൂപ ചെലവഴിച്ച് 2 ചെറുകിട നഴ്സറികളും സ്വകാര്യ മേഖലയിൽ 6 ലക്ഷം രൂപ ചെലവഴിച്ച് 4 ചെറുകിട നഴ്സറികളും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന സ്ഥാപിച്ചു. |

2012-13 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതി പ്രകാരം ജാതിയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടർ ഒന്നിന് മൊത്തം ചെലവായ 40,000 രൂപയുടെ 50% ധനസഹായം നൽകുന്നു. 2012-13 കാലയളവിൽ 600 ഹെക്ടർ സ്ഥലത്ത് ജാതി ഉൾപ്പെടെയുള്ള ദീർഘകാല സുഗന്ധ വ്യഞ്ജനങ്ങളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ സ്ഥലത്തേയ്ക്കാണ് ധനസഹായം നൽകുന്നത്.

**സെക്ഷൻ ഓഫീസർ**